(ബി) പ്രസ്തുത വൈദ്യുതി ലൈനുകൾ ഉയർത്തുന്നതിനുള്ള അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ലൈനുകൾ താഴ്ന്നുകിടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അവ ഉയർത്തി അപകടരഹിതമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്.

കമ്പനിവൽക്കരണം

55 (3209) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനിയിൽ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റിന്റെ മൂലധന നിക്ഷേപമായി നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ് ?

ഉത്തരം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനും മേൽനോട്ടത്തിനുമായി രൂപീകരിച്ചിട്ടുള്ള മാസ്റ്റർ ട്രസ്റ്റിന്റെ പ്രാഥമിക മൂലധനം പത്ത് ലക്ഷം രൂപയാണ്.

വൈദ്യുതിനിരക്ക് വർദ്ധനവും സെക്യൂരിറ്റി ഡെപ്പോസിറ്റും

56 (3210) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിനിരക്ക് വർദ്ധനവിനോടൊപ്പം കാലാകാലങ്ങളിൽ സെക്യൂരിറ്റി തുക ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്;

(ബി) ഒരു ഗാർഹിക ഉപഭോക്താവ് എത്ര തുകയാണ് ഡെപ്പോസിറ്റായി നൽകേണ്ടത്?

ഉത്തരം

(എ) സപ്ലൈ കോഡ് 2014-ന്റെ 73-ാം വ്യവസ്ഥയനുസരിച്ച് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ, മുൻവർഷത്തെ ശരാശരി മാസ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നിർണ്ണയിക്കുന്നത്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

തുക നിലവിലെ ഡെപ്പോസിറ്റ് തുകയുമായി താരതമ്യം ചെയ്ത് ഏറ്റക്കുറച്ചിൽ പരിഹരിക്കുന്ന രീതിയാണ് വൈദ്യുതി ബോർഡ് അവലംബിച്ച വരുന്നത്.

(ബി) ദ്വൈമാസ ബില്ലിംഗ് സമ്പ്രദായത്തിൽ ഒരു ഗാർഹിക ഉപഭോക്താവ് ശരാശരി മാസ ഉപഭോഗത്തിന്റെ തുകയുടെ മൂന്നിരട്ടിയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കേണ്ടത്.

വൈദ്യുതി ബോർഡിൽ നിന്ന് വിരമിച്ചവരുടെ കാലാവധി നീട്ടൽ

57 (3211) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നയത്തിന് വിപരീതമായി വൈദ്യുതിബോർഡിൽ നിന്ന് വിരമിച്ച ചിലർക്ക് കാലാവധി നീട്ടാനുള്ള നീക്കം നടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിൽ നിന്നും വിരമിച്ച ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇവരുടെ പേരുവിവരവും ഏത് പോസ്റ്റിലാണ് കാലാവധി നീട്ടിക്കൊടുത്തിരിക്കുന്നതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) ബാധകമല്ല.

(സി) ഇത്തരത്തിൽ കാലാവധി നീട്ടിക്കൊടുത്തിട്ടില്ല. എന്നാൽ ഒരു ബോർഡ് മെമ്പർക്ക് ഒരു വർഷത്തേക്ക് പുനർ നിയമനം നൽകിയിട്ടുണ്ടായിരുന്നു.

കോതമംഗലം നെല്ലിക്കുഴിയിൽ K.S.E.B. സെക്ഷൻ ഓഫീസ്

58 (3212) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം നിയോജകമണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ KSEB സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പ്രസ്തുത നിർദ്ദേശം വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000

LIBRARY ARCHIVES Kerala Legislative Assembly